# SNUPS കടവൂർ

കരിപ്പുഴ മാവേലിക്കര.

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

അനുഭവം.

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പരിവർത്തനം ചെയ്യുകയാണല്ലോ. സമഗ്ര ഗുണമേന്മാ പരിപാടിയുമായി മുന്നോട്ട് പോകുന്ന ഈ സാഹചര്യത്തിൽ കടവൂർ എസ്. എൻ. യു. പി. എസ് വൈവിധ്യമാർന്നതും മികവുറ്റതുമായ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുകയാണ്. 'അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്' എന്ന ആശയത്തിലൂന്നി ഇതിലേക്ക് നയിക്കുന്ന വിധത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാകുന്ന തരത്തിലുള്ള കർമ്മപദ്ധതികളാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. എല്ലാ കുട്ടികൾക്കും അറിവിന്റെ ഉന്നത തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസരം, തുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും സാധ്യമാവും

കുട്ടി ആരോഗ്യത്തോടെ വളരുക, നല്ല നിലയിൽ പഠിക്കുക, മികവാർന്ന വ്യക്തിയായും സാമൂഹ്യജീവിയായും വികസിക്കുക എന്നതാണ് ലക്ഷ്യമാകുന്നത്. വീട്ടിലും സ്കൂളിലും ലഭിക്കുന്ന അനുഭവങ്ങൾ പരിഗണനകൾ നേടുന്ന മുന്നറിവുകൾ വളർച്ചയിലും വികാസത്തിലും നേരിടുന്ന വെല്ലുവിളികൾ, സഹജമായ താത്പര്യങ്ങൾ എന്നിവ ഓരോ കുട്ടിയുടെയും മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്തമാക്കുന്നു. അളവിലും ഗുണത്തിലുമുള്ള ഈ വ്യത്യാസങ്ങൾ പരമാവധി പരിഗണിച്ച് ഓരോ കുട്ടിയും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരാനും വികസിക്കാനുമുള്ള അവസരമൊരുക്കലിനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

സന്തുഷ്ടവും ഗുണമേന്മയുള്ളതും വ്യക്തിത്വ വികാസത്തിന് ഊന്നൽ നൽകുന്നതുമായ ഒരു പഠന ബോധനരീതി കൊണ്ടുവരാനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ശ്രമിക്കുകയാണ്.

ലക്ഷ്യങ്ങൾ.

1. പഠനവിഷയങ്ങളായ 'ഭാഷ', ഗണിതം, സയൻസ്, പരിസരപഠനം തുടങ്ങി എന്നി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
2. പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സാഹചര്യങ്ങൾ ഒരുക്കുക.
3. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
4. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക
5. ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുക.
6. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം തടയുക.
7. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത- ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
8. ലൈബ്രറി, ലാബ് എന്നിവ ആധുനികവത്ക്കരിക്കുക.
9. ക്ലാസ് മുറികൾ ഹൈടെക് ആക്കുക.
10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠിക്കുവാനുള്ള സാഹചര്യം ഒരുക്കുന്ന
11 വിദ്യാലയ നടത്തിപ്പിന് ജനപങ്കാളിത്തം ഉറപ്പാക്കുക.

ചരിത്രം

മാവേലിക്കര S.N.D.P. യൂണിയന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന കടവൂർ എസ്- എൻ. യു. പി. എസ് 1956 ജൂൺ 4 ന് സ്ഥാപിതമായി. 1 ഏക്കർ 56 സെന്റാണ് വിസ്തീർണ്ണം. 5 ാം സ്റ്റാൻഡേർഡ് ആണ് ആദ്യം ആരംഭിച്ചത്. 20 കുട്ടികൾ ആയിരുന്നു. ആദ്യ വർഷ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ജി. രാഘവൻ സർ ആയിരുന്നു

അധ്യാപികയായി മാധവി ടീച്ചറും പി. രാമചന്ദ്രൻ എന്ന പ്യൂൺ സഹിതം ആറു പേരായിരുന്നു. അന്നത്തെ സ്കൂൾ ജീവനക്കാർ. രണ്ടു വർഷത്തിനു ശേഷം L.P വിഭാഗം ആരംഭിച്ചു. ശ്രീ. ജി രാഘവൻ സർ എന്ന അന്നത്തെ പ്രധാന അധ്യാപകന് ശേഷം കോട്ടൂർ സൈനബ ബീവി ടീച്ചർ, ബാലരാമൻ സർ, രാജപ്പൻ സർ, ജയദേവൻ സർ, രുഗ്മിണി ടീച്ചർ, ലക്ഷ്മിയമ്മ ടീച്ചർ, എലിസബത്ത് ടീച്ചർ, ഉഷകുമാരി ടീച്ചർ എന്നിവർ സേവനമനുഷ്ഠിച്ചു. 2019 ജൂൺ മുതൽ ഇപ്പോഴത്തെ HM ആയി രേഖ. എസ് ചുമതലയേറ്റു.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

1. പ്രീ പ്രൈമറി മുതൽ മലയാളം നന്നായി എഴുതാനും വായിക്കാനുമുള്ള അടിസ്ഥാന പാഠങ്ങൾ നൽകും.
2. സ്കൂൾ വികസനത്തിനായി ജനപ്രതിനിധികൾ, വിദ്യാഭ്യാസ തത്പരർ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ യുവജന സംഘടനകൾ എന്നിവരെ സംഘടിപ്പിക്കുന്നതാണ്. പഠനത്തെ പരിസര ബന്ധിയും ജീവിത ഗന്ധിയുമാക്കുവാൻ സ്കൂൾ ക്യാമ്പസിൽ ഔഷധത്തോട്ടം പച്ചക്കറി കൃഷി എന്നിവ തുടങ്ങുന്നതാണ്.

സർഗാത്മക കഴിവ് വികസിപ്പിക്കുന്നതിനായി.

ഒന്നാം ക്ലാസ് മുതൽ വായനയെ പ്രോത്സാഹിപ്പിക്കും. ക്ലാസ് തലത്തിൽ വായന മൂല ഒരുക്കും. ഏറ്റവും കൂടുതൽ ബുക്ക് വായിക്കുന്നവർക്ക് മാസത്തിൽ പ്രോത്സാഹന സമ്മാനം നൽകും. പ്രാദേശിക തലത്തിലുള്ള സാഹിത്യകാരൻമാരുടെ ക്ലാസുകൾ ലഭ്യമാക്കാവുന്നതാണ്. ഓരോ കുട്ടിയുടെയും സർഗാത്മകമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ശാസ്ത്രപഠനം.

സ്കൂൾ ലബോറട്ടറികൾ ലാബ് റൂമിൽ നിന്നും ക്ലാസ് റൂമിലേക്ക് എത്തിക്കുന്നു. ഉപകരണങ്ങൾ സൂക്ഷ്മതയോടും കൃത്യതയോടും കൈകാര്യം ചെയ്യാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതാണ് പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ (ആറ്, കുളം, വയൽ, കാവുകൾ, വന്യജീവി സങ്കേതം) പക്ഷിനിരീക്ഷണം, വ്യവസായശാലകൾ, സന്ദർശിക്കൽ വാനനിരീക്ഷണം എന്നിവ സമയബന്ധിതമായി നടത്താവുന്നതാണ്. പ്രോജക്ടുകൾ, സെമിനാറുകൾ, ഡിബേറ്റ്, ശാസ്ത്ര മാഗസിനുകൾ, ശാസ്ത്ര നാടകങ്ങൾ എന്നിവ സംഘടിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്താവുന്നതാണ്.

## ഗണിതപഠനം

ഒന്നുമുതൽ 7 വരെയുള്ള കുട്ടികൾ ഗണിതത്തിലെ ചതുഷ്ക്രിയകൾ വേഗത്തിൽ ചെയ്യാൻ പരിശീലനം കൊടുക്കും. അതിനായി ഗണിത കിറ്റുകൾ ഗണിത ലാബ്, ICT എന്നിവ ഉപയോഗപ്പെടുത്താം. ഗണിത ചാർട്ടുകൾ, പസ്സിലുകൾ, രൂപങ്ങളുടെ നിർമാണം, മാതൃകകൾ, പാറ്റേണുകൾ എന്നിവ നിർമ്മിക്കുന്നു.

## സാമൂഹ്യശാസ്ത്ര പഠനം

സ്കൂൾ പാർലമെന്റ് രൂപീകരണം, പ്രാദേശിക ചരിത്രം തയ്യാറാക്കൽ, സ്കൂൾ ചരിത്രം, നാടിനെയും നാട്ടാരെയും അറിയൽ, സ്കൂൾ വാർത്ത വായന, ചരിത്ര സ്മാരകം, മ്യൂസിയം എന്നിവ സന്ദർശിക്കൽ വിവിധ ഭൂപ്രകൃതികൾ സന്ദർശനം, ഐ.സി.ടി യിലൂടെ പരിചയപ്പെടൽ, ഗ്ലോബ്, മാപ്പ്, പതാക നിർമ്മാണം, ദിനാചരണങ്ങൾ, പഠനയാത്ര, സെമിനാറുകൾ, ആൽബം നിർമ്മാണം അസംബ്ലിയിൽ ദിവസവും ഒരു രാജ്യത്തെ പരിചയപ്പെടുക. എന്നിവ സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുന്നു.

ക്ലബ്ബുകൾ

കുട്ടികളുടെ ഭാഷാശേഷി വികാസനത്തിനും സർഗാത്മകശേഷി വികാസനത്തിനുമായി.

1. <u>വിദ്യാരംഗം ക്ലബ്ബ്</u>

സ്കൂളിലെ എല്ലാ കുട്ടികളെയും അംഗങ്ങളാക്കി ക്ലബ് രൂപീകരിക്കുന്നു. മാസത്തിൽ രണ്ടു ദിവസം (2, 4 ബുധൻ) ക്ലബ്ബ് പ്രവർത്തനം ക്ലാസ് തലത്തിൽ നടത്തുകയും അത് മിനിറ്റ്സാക്കി വിലയിരുത്തുന്നു.

2. <u>ഇംഗ്ലീഷ് ക്ലബ്.</u>

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രധാന്യം നൽകുന്നു. Expertise വിളിച്ച് ക്ലാസ് നൽകുന്നു.

3. <u>ശാസ്ത്ര ക്ലബ്.</u>

ശാസ്ത്രദിനാചരണങ്ങൾ, ഫീൽഡ് ട്രിപ്പ്, വാനനിരീക്ഷണത്തിന് സൗകര്യമൊരുക്കൽ, കുട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ, ക്വിസ്, അസംബ്ലിയിൽ ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തൽ അവതരിപ്പിക്കൽ.

4. <u>ആരോഗ്യ ശുചിത്വ ക്ലബ്.</u>

സ്കൂളിലെ എല്ലാ കുട്ടികളെയും അംഗങ്ങളാക്കുന്നു. മുഴുവൻ കുട്ടികളെയും അഞ്ചായി തിരിച്ച് ഓരോ ദിവസത്തെ ശുചിത്വ പ്രവർത്തനങ്ങൾ ഓരോ ഗ്രൂപ്പും ചെയ്യുന്നു. ജലം പാഴാക്കാതെ സൂക്ഷിക്കുക, മാലിന്യങ്ങൾ കുറയ്ക്കുക, പാത്രം കഴുകുന്ന സ്ഥലത്ത് വാളന്റിയറെ നിയോഗിക്കുക.

5. വിമുക്തി – സുരക്ഷാ ക്ലബ്.

ലഹരി– വിരുദ്ധ, പുകവലി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി രക്ഷിതാക്കൾ, കടക്കാർ എന്നിവർക്ക് ബോധവൽക്കരണം നടത്തുന്നു. റോഡ് സുരക്ഷ, ക്ലാസുകൾ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നു

6. ഹരിത ക്ലബ്

ജലോദ്യാനം, ജൈവ വൈവിധ്യ പാർക്ക്, എന്നിവയുടെ നിർമ്മാണ മേൽനോട്ടം. ജീവജാലങ്ങളെ സ്നേഹിക്കുവാനും അവയെ ഉപദ്രവിക്കാതിരിക്കുവാനുമുള്ള മേൽനോട്ടം

7. പ്ലാസ്റ്റിക് മുക്ത വിദ്യാലയം.

സ്കൂളിൽ പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കളായ പേന, ഗ്ലാസ്സ്, കുപ്പി, കവർ എന്നിവ പ്രത്യേകം ശേഖരിക്കുന്നു. അവ വലിച്ചെറിയുന്നതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്ക്കരണം നടത്തുന്നു

ഗാന്ധിദർശൻ ക്ലബ്.

സ്കൂളിലെ എല്ലാ കുട്ടികളും അംഗങ്ങളാകുന്നു. "ഇന്നത്തെ ജീവിതത്തിൽ ഗാന്ധിജിയുടെ പ്രസക്തി കുട്ടികളെ മനസ്സിലാക്കുവാനും ധാർമ്മികതയും മനുഷ്യസ്നേഹവും വളർത്തുവാനും ഗാന്ധിപുസ്തകങ്ങൾ എല്ലാ കുട്ടികളും വാങ്ങി വായിക്കാനവസരം നൽകുന്നു 1, 3 വെള്ളിയാഴ്ച അവസാനത്തെ പീരിയഡ് ഗാന്ധി ദർശനത്തെ പ്രവർത്തനം നടത്തും. ഗാന്ധി സന്ദേശങ്ങൾ കുട്ടികളിലെത്തിക്കുന്നു. അതുവഴി ഗാന്ധിജിയുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യസമര സേനാനികളെയും കുട്ടികൾ തിരിച്ചറിയുന്നു

ഹെൽപ്പ് ഡെസ്ക്.

കുട്ടികളുടെ വിഷമങ്ങളും പരാതികളും മറ്റുള്ളവർ അറിയാതെ രഹസ്യമായി പരിഹരിക്കുന്ന സെൽ. ഒരു ടീച്ചറിന്റെ സേവനം എല്ലായ്പ്പോഴും ഉണ്ടാകുന്നു. ഒരു പരാതിപ്പെട്ടി സ്കൂളിൽ സൂക്ഷിക്കുന്നു.

നിലവിലെ അവസ്ഥാവിശകലനം.

2025- 2026 കാലയളവിൽ പ്രീപ്രൈമറി ഉൾപ്പെടെ 71 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഹിന്ദി, സംസ്കൃതം ഉൾപ്പെടെ 8 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡന്റും സേവനമനുഷ്ഠിക്കുന്നു

ഏകദേശം 56 സെന്റ് സ്ഥലം ഉള്ള സ്കൂളിന്റെ അതിർത്തിയിൽ കൊല്ലക ദേവി ക്ഷേത്രം ഗുരുമന്ദിരം എന്നിവ കൂടി സ്ഥിതി ചെയ്യുന്നു. നാല് ക്ലാസ് മുറികളുള്ള ഒരു I shape കെട്ടിടവും 7 ക്ലാസ് മുറികളും 2 ഓഫീസ് മുറികളും ഉള്ള മെയിൻ കെട്ടിടവും ഉണ്ട്. ആർ.എം.എസ്.എ അനുവദിച്ചു തന്ന 2 ക്ലാസ് മുറികളുള്ള കെട്ടിടം, സ്കൂൾ ഗ്രൗണ്ടിൽ സ്ഥിതി ചെയ്യുന്നു. എല്ലാ കെട്ടിടങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം യൂറിനൽസ് പെൺകുട്ടികൾക്ക് 4 ടോയ്‌ലറ്റ്സ് ആൺകുട്ടികൾക്ക് 2 ടോയ്‌ലറ്റുകളും 6 ടാപ്പുള്ള വാഷിംഗ് ബ്ലോക്കും സ്കൂളിനുണ്ട്.

സ്കൂൾ ലൈബ്രറിയിൽ 2750 പുസ്തകങ്ങൾ ഉണ്ട്. എല്ലാ ക്ലാസ് മുറികളിലും വായനാമൂല ക്രമീകരിച്ചിരിക്കുന്നു. എല്ലാ ക്ലാസുകൾക്കും പത്രങ്ങളും ശാസ്ത്രമാസികയും വായനയ്ക്കായി നൽകുന്നു. ഒന്നാം സ്റ്റാൻഡേർഡ് മുതൽ ഏഴാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്ക് ശാസ്ത്ര സാമൂഹ്യശാസ്ത്ര പഠനത്തിനായി ലാബിൽ വേണ്ടത്ര ഉപകരണങ്ങൾ ഉണ്ട്. ഗണിത പഠനത്തിനായി ഗണിത ലാബ് പ്രവർത്തിക്കുന്നു. ഒന്ന് മുതൽ ഏഴ് വരെയുള്ള കുട്ടികൾ സംസ്കൃതം പഠിക്കുന്നു. സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, മലയാളം എന്നി ഭാഷകളിൽ അസംബ്ലി നടത്തുന്നു. കായിക പരിശീലനം നൽകുന്നു

സ്കൂൾ ജീവനക്കാർ.

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | പഠിപ്പിക്കുന്ന വിഷയങ്ങൾ |
|---|---|---|---|
| 1 | രേഖ. S | HM | Social Science, VII, V<br>EVS IV |
| 2 | രാജലക്ഷ്മി. B | Teacher | V, VI, VII – Science<br>V – English |
| 3 | ജ്യോതി. R | " | III – maths, English<br>V – maths VI maths |
| 4 | Bindu. D | " | I – all subjects<br>VII – malayalam. |
| 5 | Suja. C | " | VI – malayalam, English, S.S<br>III – EVS, , Malayalam |
| 6 | Beenakumari. V | " | Hindi – V, VI, VII, Arts. |
| 7 | Karthika. S. Babu. | " | IV – mala, maths, English, IT<br>VII – maths, Eng. |
| 8 | Smitha. S | " | II – all subjects<br>V – malayalam. |
| | | | Sanskrit |
| 9 | Akhil. S | OA. | |
| | | | |

## പദ്ധതി രൂപീകരണ പ്രക്രിയ

കടവൂർ എസ്. എൻ. യു. പി. എസ്സിന്റെ 2025- 26 വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി. SRG മീറ്റിംഗ് നടത്തി. അക്കാദമിക മികവിനായുള്ള ചർച്ചയിൽ എല്ലാ അധ്യാപകരും പങ്കെടുത്തു. അവരുടെ അഭിപ്രായങ്ങളും ചേർത്താണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു ശേഷം PTA കൂടി കരട് സമർപ്പിച്ചു. സ്കൂൾ വികസനത്തിനായുള്ള എല്ലാ സഹകരണങ്ങളും വാർഡ് മെമ്പർ വാഗ്ദാനം ചെയ്തു. പൂർവ്വവിദ്യാർത്ഥികളെയും ഉൾപ്പെടുത്തി വികസന സമിതി വിപുലമാക്കാൻ തീരുമാനിച്ചു.

പ്രശ്നങ്ങൾ, വെല്ലുവിളികൾ

1. ക്ലാസ് P.T.A യിൽ എല്ലാ രക്ഷിതാക്കളും എത്താറില്ല.
2. ലൈബ്രറി റൂം ലാബ് റൂം ഇല്ല
3. ചുറ്റുമതിൽ ഇല്ല
4. പാർക്ക് ഇല്ല.
5. ഭക്ഷണം കഴിക്കാൻ ഡൈനിംഗ് ഹാൾ ഇല്ല.

ഉപസംഹാരം.

നാട്ടുകാരുടെ സാംസ്കാരിക തനിമ നിറഞ്ഞു നിൽക്കുന്ന ചെട്ടികുളങ്ങര പഞ്ചായത്തിൽ ഉൾപ്പെട്ട കടവൂർ കരിപ്പുഴ എന്ന കൊച്ചു ഗ്രാമത്തിൽ ആണ് എസ്. എൻ. യു. പി. എസ് കടവൂർ നിലകൊള്ളുന്നത്. കരിപ്പുഴയുടെ വരദാനമായി ഒഴുകുന്ന അച്ചൻകോവിലാറിന്റെ ഇരുവശവുമുള്ള കുടുംബങ്ങളിലെ കുട്ടികളാണ് 95 ശതമാനവും. കൂലിപ്പണിക്കാരുടെ മക്കൾ. കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം അവരുടെ അവകാശം, ഈ അക്കാദമിക് പ്ലാൻ സാക്ഷാത്കരിക്കുന്നതിലൂടെ നമ്മുടെ സ്കൂൾ മികച്ച നിലവാരത്തിലേക്ക് എത്തും. തീർച്ച.

അക്കാദമിക മാസ്റ്റർ പ്ലാനിൽ ലക്ഷിക്കുന്ന മാറ്റങ്ങൾ ഉണ്ടാക്കുവാൻ വാഗ്ദാനം നൽകിയ എല്ലാ വ്യക്തികൾക്കും, സംഘടനകൾക്കും, അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, LSG അംഗങ്ങൾ മാനേജ്മെന്റ് എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.